(4) സാധനങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്താനായി ക്വാളിറ്റി കൺട്രോൾ വിഭാഗം കൂടുതൽ ശക്തവും കാര്യക്ഷമവും ആക്കുക.

(5) കണക്കുകൾ എഴുതിത്തീർക്കുന്നതിൽ ഉള്ള കാലതാമസം ഒഴിവാക്കാൻ, ഇക്കാര്യത്തിൽ വൈദഗ്ദ്ധ്യവും പരിചയവും സിദ്ധിച്ച ഉദ്യോഗസ്ഥന്മാരെ നിയമിക്കൽ.

(6) സബ്സിഡി ഇല്ലാത്തതും എളുപ്പം വിറ്റഴിയുന്നതുമായ മാവേലിയിതര സാധനങ്ങളുടെ (ശബരി തേയില, കാപ്പി, ഡിറ്റർജന്റ്, സോപ്പ്, കറിപൗഡറുകൾ തുടങ്ങിയവ) വിൽപ്പന കൂടുതൽ വിപുലമാക്കാനുള്ള നടപടി.

(7) മാവേലിസ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുവാനുള്ള നടപടി.

(8) എല്ലാ മാവേലിസ്റ്റോറുകളിലും ബില്ലിംഗ് മെഷീനുകൾ സ്ഥാപിക്കൽ.

(9) ജീവനക്കാർക്കുള്ള പരീശീലന പരിപാടി.

(ജി) കോർപ്പറേഷന്റെ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം ഇപ്പോൾതന്നെ ശാസ്ത്രീയമായ രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. പർച്ചേസ് സംബന്ധമായി, തുടക്കം മുതൽ പണം നൽകുന്നത് വരെയുള്ള പ്രവർത്തനങ്ങളെല്ലാം കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. ഇതുമൂലം പ്രവർത്തനം കൂടുതൽ കാര്യക്ഷമതയോടും സുതാര്യമായും നടത്തുവാൻ സാധിക്കുന്നുണ്ട്.

29 (*478) വല്ലാർപ്പാടത്ത് കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതി

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. കെ. ബാബു :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടത്ത് നടപ്പാക്കുവാൻ തീരുമാനിച്ചിരിക്കുന്ന കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതി നടപ്പാക്കാത്തപക്ഷം കൊച്ചി തുറമുഖത്തിന്റെ നിലനിൽപ്പിന് ഭീഷണി ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)(ബി)&(സി) ഇത് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കീഴിൽ വരുന്നതാണ്. ഇവിടെ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

30 (*479) കള്ളനോട്ടിന്റെ പ്രചാരം തടയാൻ നടപടി

ശ്രീ. ഇസ്ഹാക് കുരിക്കൾ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. മുനീർ :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ളനോട്ടിന്റെ പ്രചാരം തടയാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കള്ളനോട്ടിന്റെ ഉറവിടം കണ്ടെത്താൻ അന്വേഷണം നടത്തുകയുണ്ടോയോ;

(സി) കള്ളനോട്ടിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) കള്ളനോട്ടു കേസ്സുകൾ അന്വേഷിച്ച് നിയമ നടപടികൾ സ്വീകരിക്കുന്നതിന് ക്രൈംബ്രാഞ്ച് വിഭാഗത്തിൽ എറണാകുളം ആസ്ഥാനമാക്കി ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു മേഖലകളായി തിരിച്ച് ഓരോ ഡി.വൈ.എസ്.പി. മാരുടെ കീഴിൽ ആവശ്യമായ മറ്റു തസ്തികകളിലുള്ള ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഓരോ കൗണ്ടർഫിറ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. കള്ളനോട്ടിന്റെ ഉറവിടം കണ്ടെത്തുന്നതിനും, പ്രചാരം തടയുന്നതിനും ഇതു സംബന്ധിച്ച് രഹസ്യാന്വേഷണങ്ങൾ നടത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനുമായി ലോക്കൽ പോലീസ് വിഭാഗത്തിൽ ജില്ലാ എസ്.പി. മാരുടെ ചുമതലയിൽ പ്രത്യേക സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ബാങ്ക് മാനേജർമാർ, വ്യാപാരികൾ തുടങ്ങി വൻതോതിൽ പണം കൈകാര്യം ചെയ്യുന്നവരുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കുകയും കള്ളനോട്ടിന്റെ ഉറവിടങ്ങൾ, വിതരണ ശൃംഖലകൾ എന്നിവയെ സംബന്ധിച്ച് ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കള്ളനോട്ടു സംബന്ധിച്ച് വിവരങ്ങൾ ലഭിച്ചാൽ അന്വേഷണം നടത്തി അവയുടെ ഉറവിടം കണ്ടെത്തി, വ്യാജനോട്ടുകളും, ഉപകരണങ്ങളും പിടച്ചെടുത്ത് പ്രതികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വാർത്താ മാദ്ധ്യമങ്ങളിലൂടെയും പൊതുജനസമ്പർക്ക പരിപാടികളിലൂടെയും കള്ളനോട്ടിനെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നുണ്ട്.

31 (*480) വിഴിഞ്ഞം തുറമുഖ വികസനം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ വികസനത്തിനായി കുമാർ ഗ്രൂപ്പുമായി സർക്കാർ ഒപ്പുവച്ച ഉടമ്പടിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കുമാർ ഗ്രൂപ്പുമായി മുമ്പ് ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ ഇപ്പോൾ മാറ്റിയിട്ടുണ്ടോ;

(സി) കരാറിന്റെ വ്യവസ്ഥകളും, തുറമുഖവികസനത്തിന്റെ മാസ്റ്റർ പ്ലാനും മേശപ്പുറത്തുവയ്ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly